കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) നെൽക്കൃഷി മേഖലയിൽ പടിപടിയായി യന്ത്രവൽക്കരണം നടത്താനാണ് ഉദ്ദേശിക്കുന്നത്. നിലം ഒരുക്കൽ, ഞാറുനടീൽ, കൊയ്ത്ത്, മെതിക്കൽ, പാറ്റൽ തുടങ്ങിയ രംഗങ്ങളിൽ യന്ത്രവൽക്കരണം നടപ്പിലാക്കികൊണ്ടിരിക്കുന്നു.

(ഡി) ഗ്രാമപഞ്ചായത്തുകൾ/കർഷകസമിതികൾ/ഹരിജൻസൊസൈറ്റികൾ/സഹകരണബാങ്കുകൾ തുടങ്ങിയവയ്ക്ക് സൗജന്യമായി പവ്വർടില്ലറുകളും മെതിയന്ത്രങ്ങളും നൽകി. ഇവ കർഷകർക്ക് വാടകയ്ക്ക് ലഭ്യമാക്കുന്നതാണ്. കൂടാതെ ആറ് കൊയ്ത്തുമെതി പാറ്റ് യന്ത്രങ്ങളും കർഷകർക്ക് വാടകയ്ക്ക് നൽകിക്കൊണ്ടിരിക്കുന്നു.

14 (*348) പൊതുമേഖലാ സ്ഥാപനങ്ങളിലെ നികുതി കുടിശ്ശിക

ശ്രീ. പി. രാജു :

ശ്രീ. കെ. പ്രകാശ് ബാബു :

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങൾ നികുതി കുടിശ്ശിക വരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങൾ എന്തു തുകവീതം നികുതി കുടിശ്ശിക വരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ഉണ്ട്.

(ബി) 31.3.1998 ലെ കണക്കനുസരിച്ച് 14889.33 ലക്ഷം രൂപ കുടിശ്ശിക വരുത്തിയിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പേരും തുകയും അടങ്ങുന്ന ലിസ്റ്റ് ഇതോടൊപ്പം വയ്ക്കുന്നു. †

(സി) നിയമാനുസരണം കുടിശ്ശിക സംഖ്യകൾ പരമാവധി നേരത്തെ പിരിച്ചെടുക്കാൻ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുടിശ്ശിക പിരിവ് 'റിവ്യൂ' ചെയ്യാൻ സംസ്ഥാന ജില്ലാതല കോൺഫറൻസുകൾ വിളിച്ചുകൂട്ടി സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. പൊതുമേഖലാ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന മുറയ്ക്ക് കുടിശ്ശിക അടയ്ക്കുന്നതിന് സൗകര്യപൂർവം തവണകൾ അനുവദിച്ച് നികുതി കുടിശ്ശിക പിരിവ് പ്രോത്സാഹിപ്പിക്കുന്നു. വകുപ്പിലെ അപ്പലേറ്റ് അതോറിറ്റികൾ സ്റ്റേ നൽകിയിട്ടുള്ള കേസുകളിൽ കാലവിളംബം കൂടാതെ തീരുമാനമെടുക്കാൻ അപ്പലെറ്റ് അസിസ്റ്റന്റ് കമ്മീഷണർമാരുടേയും ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽസ്) മാരുടേയും യോഗം വിളിച്ചുകൂട്ടി അപ്പീൽ കേസുകൾ വേഗം തീർപ്പാക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഒരു അഡീഷണൽ അഡ്വക്കേറ്റ് ജനറലിന്റെ നേതൃത്വത്തിൽ ഒരു

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സ്പെഷ്യൽ ഗവ. പ്ലീഡർ ഉൾപ്പെടെ സീനിയർ ഗവണ്മെന്റ് പ്ലീഡർമാർ ഉൾപ്പെട്ട ഒരു സെൽ ഹൈക്കടതിയിൽ നികുതിസംബന്ധമായ കേസുകൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിന് പ്രവർത്തിച്ചു വരുന്നു.

15 (*349) കേരള മോട്ടോർ വാഹന ഭേദഗതി നിയമം

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ :

ശ്രീ. സെബാസ്റ്റ്യൻ പോൾ :

ശ്രീ. എം.വി. ജയരാജൻ :

ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ മോട്ടോർ വാഹന ഭേദഗതി നിയമം സംസ്ഥാനത്ത് പ്രാബല്യത്തിൽ വന്നിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന വിവിധതരം ബസ്സുകൾക്ക് ഉണ്ടാകാവുന്ന കാലപ്പഴക്കം, സർവ്വീസ് നടത്തേണ്ട ദൂരം തുടങ്ങിയവ സംബന്ധിച്ച് നിലവിലുള്ള നിയമത്തിലും ഭേദഗതി നിയമത്തിലും ഉള്ള വ്യത്യാസങ്ങൾ വ്യക്തമാക്കുമോ;

(സി) ഹൈടെക് സർവീസുകൾ സംസ്ഥാനത്ത് ഇപ്പോൾ ഉണ്ടോ; ഹൈടെക് സർവീസ് സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) ഉണ്ട്. 1.2.99 ൽ ജി.ഒ. (പി) നമ്പർ 4/99 എന്ന ഉത്തരവ് പ്രകാരം മോട്ടോർ വാഹന നിയമം ഭേദഗതി ചെയ്തുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഇതിനെതിരായി ഹൈക്കോടതിയിൽ 11742/99-ാം നമ്പർ ഒ.പി. ഫയൽ ചെയ്തിട്ടുള്ളതിനാലും പ്രസ്തുത ഒ.പി. യിൽ 19694/99 നമ്പർ ബി.എം.പി.യിൽ 11.5.99 ലെ ഉത്തരവുപ്രകാരം മൂന്നു മാസത്തെ ഇടക്കാല സ്റ്റേ ഉള്ളതിനാലും ഈ നിയമം നടപ്പിൽ വന്നിട്ടില്ല.

(ബി) സിറ്റിയിൽ നിന്നോ ടൗണിൽ നിന്നോ 5 കി. മീറ്ററിൽ കൂടുതൽ പുറത്തേയ്ക്ക് പോകാത്ത സർവ്വീസുകളെ യഥാക്രമം സിറ്റി സർവ്വീസ്, ടൗൺ സർവ്വീസ് എന്ന് നിർവചിച്ചിരിക്കുന്നു.

2. 140 കി.മീറ്റർ ദൂരപരിധിയ്ക്കുള്ളിൽ സർവ്വീസ് നടത്തുന്നതായിരിക്കണം ഓർഡിനറി ബസ്സുകൾ. എഴുപത് കി.മീറ്ററിൽ കുറയാത്തതും 160 കി. മീറ്ററിൽ കൂടാത്തതുമായ സർവ്വീസുകളെ ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകൾ എന്ന് നിർവചിച്ചിട്ടുണ്ട്.

ടൗൺ സർവ്വീസുകൾക്കും ഓർഡിനറി സർവ്വീസുകൾക്കും ബസിന്റെ കാലപ്പഴക്കം നിശ്ചയിച്ചിട്ടില്ല. ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾക്ക് 5 വർഷവും സൂപ്പർ ഫാസ്റ്റ് സർവ്വീസ് നടത്തുന്ന വാഹനങ്ങൾക്ക് 3 വർഷവും സൂപ്പർ എക്സ്പ്രസ്, സൂപ്പർ ഡീലക്സ്, ലക്ഷ്വറി വാഹനങ്ങളുടെ കാലപ്പഴക്കം രണ്ടു വർഷവുമായി നിജപ്പെടുത്തിയിട്ടുണ്ട്.

3. 50- ൽ കുറയാത്ത സ്റ്റേജ് ക്യാരേജ് സർവ്വീസുകൾ ഉള്ള ഒരു വ്യക്തിയോ സ്ഥാപനമോ ഫ്ളീറ്റ് ഓപ്പറേറ്റർ എന്ന് വിളിക്കപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly